**കേരള സർക്കാർ**

**സംഗ്രഹം**

2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് - ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (ജെ) വകുപ്പ്**

സ.ഉ (കൈ)നം. 107/2021/വ്യവ. തിരുവനന്തപുരം, തീയതി:30.10.2021.

---

പരാമർശം: 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും(ഭേദഗതി) ഓർഡിനൻസ് (2021 ലെ 137)

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് നിക്ഷേപകരുടെ പരാതി, ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിന് പരാമർശം -1 ലെ ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെപറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>ജില്ലാതല പരാതിപരിഹാര കമ്മിറ്റി</u>**

1. ജില്ലാ കളക്ടർ -ചെയർമാൻ
2. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം -കൺവീനർ
3. റീജിയണൽ ഡയറക്ടർ, നഗരകാര്യം
4. ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത്
5. ജില്ലാ ലേബർ ഓഫീസർ
6. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസർ
7. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്
8. ചെയർമാൻ യുക്തമെന്ന് കരുതുന്ന പ്രകാരം അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന പ്രകാരമുള്ള വകുപ്പിന്റെ ജില്ലാതല ഓഫീസർ.

Scanned with CamScanner

## സംസ്ഥാന പരാതിപരിഹാരകമ്മിറ്റി

(എ) വ്യവസായ വകുപ്പിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കലിന്റെ ചുമതലയുള്ള സെക്രട്ടറി -ചെയർമാൻ

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്യുന്ന, വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറിയുടെ പദവിക്ക് താഴെയല്ലാത്ത ഉദ്യോഗസ്ഥൻ

(സി) നിയമ സെക്രട്ടറി അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്യുന്ന, അഡീഷണൽ സെക്രട്ടറിയുടെ പദവിയ്ക്ക് താഴെയല്ലാത്ത ഉദ്യോഗസ്ഥൻ

(ഡി) സർക്കാർ നിയമിക്കുന്ന, പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഔദ്യോഗിക സ്ഥാനം വഹിച്ചിരുന്ന, സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥൻ

(ഇ) ലാന്റ് റവന്യൂ കമ്മീഷണർ

(എഫ്) ലേബർ കമ്മീഷണർ

(ജി) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ ചെയർമാൻ

(എച്ച്) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ

(ഐ) ഡയറക്ടർ, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്

(ജെ) വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ -കൺവീനർ

(കെ) ചെയർമാൻ യുക്തമെന്ന് കരുതുന്ന പ്രകാരം, അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന പ്രകാരമുള്ള വകുപ്പിന്റെ സെക്രട്ടറി അല്ലെങ്കിൽ ഡയറക്ടർ.

സംസ്ഥാന പരാതിപരിഹാര കമ്മിറ്റി അംഗങ്ങളിൽ (ഡി) ഖണ്ഡപ്രകാരം നിയമിക്കപ്പെടുന്ന അംഗത്തിന്റെ ഔദ്യോഗിക കാലാവധി മൂന്ന് വർഷമോ അല്ലെങ്കിൽ പ്രസ്തുത സ്ഥാനത്തേക്ക് മറ്റൊരാളെ സർക്കാർ അംഗമായി നിയമിക്കുന്നതുവരെയോ, ആയിരിക്കുന്നതാണ്. അപ്രകാരം നിയമിക്കപ്പെടുന്ന അംഗത്തിന്റെ സേവന വേതന വ്യവസ്ഥകൾ കാലാകാലം സർക്കാർ ഉത്തരവ് മൂലം നിശ്ചയിക്കുന്നതാണ്.

വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിധ്യവൽക്കരിക്കുന്നതിനോ ആധുനികവൽക്കരിക്കുന്നതിനോ വിവിധ സംസ്ഥാനനിയമങ്ങൾക്കു കീഴിൽ ആവശ്യമായ ക്ലിയറൻസുകളോ സർട്ടിഫിക്കറ്റുകളോ ലൈസൻസുകളോ പെർമിറ്റുകളോ അനുമതിയോ അതിന്റെ പുതുക്കൽ ലഭിക്കുന്നതിനോ അതിന് ആനുഷംഗീകമായ ഏതെങ്കിലും കാര്യത്തിനോ വേണ്ടി അപേക്ഷ സമർപ്പിച്ച ഒരാൾക്ക് പ്രസ്തുത നിയമപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സമയപരിധിക്കുള്ളിൽ സേവനങ്ങൾ നല്കുന്നുണ്ടെന്ന് നിരീക്ഷിക്കുന്നതിനും

Scanned with CamScanner

അപ്രകാരമുള്ള ആളുകളുടെ പരാതി കാര്യക്ഷമമായ രീതിയിൽ പരിഹരിക്കുന്നതിനും മതിയായതും ന്യായമായതുമായ കാരണങ്ങൾ കൂടാതെ സമയപരിധിക്കുള്ളിൽ സേവനം നല്കുന്നതിൽ വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്ന ഒരു നിയുക്ത ഉദ്യോഗസ്ഥനെതിരേ നടപടി സ്വീകരിക്കുവാനും പരാതി പരിഹാര കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

ജില്ലാതലപരാതിപരിഹാരകമ്മിറ്റിക്കും സംസ്ഥാനതലപരാതി പരിഹാര കമ്മിറ്റിക്കും 1908 ലെ സിവിൽ നടപടി നിയമസംഹിത (1908 ലെ 5-ാം കേന്ദ്ര ആക്ട്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള താഴെപറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(എ) ഏതൊരാളെയും ഹാജരാക്കുന്നതിന് നിർബന്ധിക്കുന്നതിനും അല്ലെങ്കിൽ അയാളെ സത്യപ്രതിജ്ഞയിന്മേൽ വിസ്തരിക്കുന്നതിനും

(ബി) രേഖകളും പ്രമാണങ്ങളും കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിന്

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനു വേണ്ടി കമ്മീഷൻ അയയ്ക്കുന്നതിന്

ജില്ലാ സംസ്ഥാനതല പരാതിപരിഹാര സമിതികൾ കുറഞ്ഞത് എല്ലാ മാസവും ഒരു പ്രാവശ്യം ചെയർമാൻ തീരുമാനിക്കുന്ന സമയത്ത് ഓരോ മാസത്തിന്റെയും ആദ്യ പ്രവൃത്തി ദിവസം യോഗം ചേരേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**ഡോ.കെ. ഇളങ്കോവൻ**
**പ്രിൻസിപ്പൽ സെക്രട്ടറി**

**പകർപ്പ്:**

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, നിയമവകുപ്പ്
ലാൻഡ് റവന്യൂ കമ്മീഷണർ
ലേബർ കമ്മീഷണർ
ചെയർമാൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്
ചെയർമാൻ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
ഡയറക്ടർ, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്കും

Scanned with CamScanner

എല്ലാ നഗരകാര്യ റീജിയണൽ ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും
എല്ലാ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസർമാർക്കും
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നമ്പർ ...............)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

Scanned with CamScanner